**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# യുവജനദിന സന്ദേശം-2025

അഭിവന്ദ്യ പിതാക്കന്മാരെ, ബഹു. വൈദികരെ, സമർപിതരെ, പ്രിയ വിശ്വാസികളെ, ഏറെ സ്നേഹം നിറഞ്ഞ യുവജനങ്ങളെ,

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ സ്വർഗീയ മദ്ധ്യസ്ഥനായ അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ തിരുനാളിനോടനുബന്ധിച്ചാണ് എല്ലാ വർഷവും നാം യുവജനദിനം ആചരിക്കുന്നത്. ഈ വർഷത്തെ യുവജന ദിനം 2025 ഒക്ടോബർ 5 ഞായറാഴ്ച നമ്മുടെ എല്ലാ ഇടവകകളിലും സമുചിതമായി ആചരിക്കണമെന്ന് സ്നേഹപൂർവം ഞാൻ ആഹ്വാനം ചെയ്യുന്നു. യുവജനങ്ങൾക്കുവേണ്ടി പ്രാർഥിക്കാനും അവരെ പ്രോത്സാഹിപ്പിക്കാനും ഉതകുന്ന കാര്യപരിപാടികൾ ഇടവക തലത്തിൽ ക്രമീകരിച്ച് നടത്തേണ്ടതാണ്. എല്ലാ യുവജനങ്ങളും വി. കുമ്പസാരം നടത്തി യോഗ്യതയോടെ വി. കുർബാന സ്വീകരിച്ച് ആഘോഷ പരിപാടികളിൽ പങ്കുചേരണം. അന്നേദിവസത്തെ സ്തോത്രകാഴ്ച സഭയിലെ യുവജന ശുശ്രൂഷകൾക്കു വേണ്ടിയുള്ളതാണ്. നമ്മുടെ സഭയുടെ യുവജന ശുശ്രൂഷയെ ചൈതന്യവത്താക്കുന്ന ബഹു. വൈദികർക്കും സമർപിതർക്കും അല്മായ പ്രേഷിതർക്കും സഭയുടെ നാമത്തിൽ കൃതജ്ഞതയും ദൈവാനുഗ്രഹവും ഞാൻ നേരുന്നു.

## യുവത്വം: പ്രതീക്ഷയും പ്രതിസന്ധികളും

യുവജനങ്ങൾ, സഭയുടെ നാളെയെക്കുറിച്ചുള്ള പ്രതീക്ഷ മാത്രമല്ല, ഇന്നിന്റെ സജീവസാക്ഷ്യം കൂടിയാണ്. സഭാത്മക ജീവിതത്തെ, പ്രത്യേകിച്ച് ഇടവക തലത്തിൽ, ചലനാത്മകമാക്കുന്നതിൽ യുവജനങ്ങൾ വഹിക്കുന്ന പങ്കും നേതൃത്വവും ശ്ലാഘനീയമാണ്. ഇടവകയിലെ ആരാധനാ ജീവിതത്തിലും അതുപോലെ, ആരാധനാനുബന്ധമായ ആഘോഷങ്ങ

ളുടെ ക്രമീകരണങ്ങളിലും യുവജനങ്ങൾ നൽകുന്ന സംഭാവനകൾ വിസ്മരിക്കാൻ പാടില്ലാത്തതാണ്. സഭയുടെ യൗവനം നഷ്ടപ്പെട്ടുപോകാതിരിക്കാൻ ഓരോ കാലഘട്ടത്തിലെയും യുവജനസഭയെ ക്രിയാത്മകമായും സജീവമായും നിലനിർത്താൻ നാം എപ്പോഴും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഈ കാലഘട്ടത്തിലെ യുവജനങ്ങൾ സങ്കീർണ്ണമായ ഒരു ലോകക്രമത്തിലാണ് ജനിച്ചതും വളരുന്നതും. അണുകുടുംബങ്ങളിൽ ജനിച്ച് വളർന്ന ഈ തലമുറയുടെ സാമൂഹിക അവബോധം മുൻതലമുറയിൽ നിന്ന് വ്യത്യസ്തമാണ്. പ്രതിസന്ധി ഘട്ടങ്ങളിലും പരാജയ അനുഭവങ്ങളിലും മറ്റുള്ളവരെ അഭിമുഖീകരിക്കാനുള്ള മാനസിക പക്വത ആർജ്ജിച്ചെടുക്കാൻ സഭയുടെയും സമൂഹത്തിന്റെ പിൻതുണ യുവജനങ്ങൾക്ക് അനിവാര്യമാണ്.

യുവജനശുശ്രൂഷയിൽ സമഗ്രമായ വിലയിരുത്തലുകളാണ് അനിവാര്യം. ഏതെങ്കിലുമൊരു കുറവോ വീഴ്ചയോ ഉണ്ടാകുമ്പോൾ യുവജനങ്ങളെ മാറ്റിനിറുത്തുന്ന പ്രവണത യുവജന ശുശ്രൂഷയിലെ നല്ല സമീപനങ്ങളല്ലെന്ന് നാം തിരിച്ചറിയണം. ഇടവക പ്രവർത്തനങ്ങളിൽ പ്രത്യാശയോടെ യുവജനങ്ങളെ ചേർത്തുപിടിക്കുന്നത് ക്രിയാത്മകമായ അജപാലന ധർമ്മമായി ഏവരും കരുതണമെന്ന് ഞാൻ സ്നേഹപൂർവം ഉപദേശിക്കുന്നു.

ആധുനിക സാങ്കേതിക വിദ്യയുടെ സങ്കീർണതകളെ നിഷ്പ്രയാസം കീഴടക്കുന്ന ഇന്നത്തെ യുവതലമുറ അതേ സാങ്കേതിക വിദ്യകളുടെയും ഉപകരണങ്ങളുടെയും അടിമകളായി മാറുന്നത് വൈരുദ്ധ്യാത്മകതയാണ്. “സത്യം നിങ്ങളെ സ്വതന്ത്രരാക്കും” (യോഹ 8:32) എന്ന ക്രിസ്തുവചനം സത്യം അറിയാൻ വിഘാതമായി നിൽക്കുന്ന സാങ്കേതിക വിദ്യകളോടും സത്യംപുൽകാൻ വിഘാതമായി നിൽക്കുന്ന പ്രതിലോമശക്തികളോടും പ്രസ്ഥാനങ്ങളോടും യുവജനങ്ങൾ സ്വീകരിക്കേണ്ട സമീപനം വ്യക്തമാക്കുന്നു. നമുക്ക് ജാഗ്രത അനിവാര്യമാണ്.

ജീവിതക്ലേശങ്ങളിലൂടെ കടന്നുവന്ന മാതാപിതാക്കൾ, തങ്ങളുടെ മക്കൾ യാതൊരുവിധ ക്ലേശവും അനുഭവിക്കാതെ വളരണമെന്ന് ചിന്തിച്ചതുകൊണ്ട്, എല്ലാകാര്യങ്ങളും ഒരുക്കിക്കൊടുത്തു വളർത്തിയതാണ് ഇന്നത്തെ യുവതലമുറ. അതിനാൽ, ജീവിതത്തിൽ കഠിനാദ്ധ്വാനം, മനുഷ്യബന്ധങ്ങൾ എന്നിവയുടെ പ്രാധാന്യവും മൂല്യവും അവർക്ക്

പൂർണമായി ഉൾക്കൊള്ളാൻ സാധിക്കുന്നില്ല. കാത്തിരിപ്പിന്റെ അവധാനതയോ സഹനത്തിന്റെ പുണ്യമോ അവരുടെ ഭാവനയിൽ പോലും എത്തിച്ചേരുന്നില്ല. അതുപോലെ, പൂർവികർ നമുക്ക് പകർന്നു തന്ന മൂല്യങ്ങളോ പുണ്യങ്ങളോ ജീവിതാദർശങ്ങളോ വിശ്വാസ പാരമ്പര്യങ്ങളോ ഇന്നത്തെ മുതിർന്ന തലമുറ യുവജനങ്ങൾക്ക് പകർന്ന് കൊടുക്കുന്നുണ്ടോ എന്ന് സത്യസന്ധമായി നാം ആത്മശോധന ചെയ്യണം.

പ്രശ്നങ്ങളെ അതിജീവിക്കുന്നതിനു പകരം വ്യക്തി ബന്ധങ്ങൾ വിച്ഛേദിച്ച് സൗകര്യപ്രദമായ ഇടങ്ങളിലേയ്ക്ക് പിന്മാറുന്ന പ്രവണത യുവജനങ്ങളിൽ വർധിച്ചുവരുന്നു. ഭാവി സുരക്ഷയെ കുറിച്ചുള്ള അരക്ഷിതാവസ്ഥ യുവജനങ്ങളിലുണ്ടാക്കുന്ന മാനസിക വെല്ലുവിളി വലുതാണ്. യാഥാർഥ്യബോധമില്ലാത്ത ജീവിത സങ്കല്പങ്ങൾ യുവത്വത്തിന്റെ ഒരു അടയാളമായി മാറിക്കൊണ്ടിരിക്കുകയാണ്. "എളുപ്പവഴികൾ" (Shortcuts) തേടുന്ന യുവജനങ്ങളുടെ ഇടയിൽ കുടിയേറ്റ പ്രവണതകൾ, രാജ്യത്തിന് പുറത്തേയ്ക്കും രാജ്യത്തിനകത്തും, വർധിക്കുന്നത് സ്വാഭാവികം മാത്രമാണ്.

'ഉടനടി സംസ്ക്കാരം' (Instant Culture) ജീവിതത്തിന്റെ എല്ലാ മേഖലകളിലും യുവജനങ്ങളെ സ്വാധീനിച്ചു കഴിഞ്ഞു. യൗവനത്തിൽ വിദൂരകാഴ്ചകൾ അന്യമായി പോകുന്നു. ഇന്നിൽ നിന്ന് നാളെയിലേയ്ക്കുള്ള പ്രയാണം ഒരു രാത്രിയുടെ അന്ധകാരം മാത്രമായി മനസിലാക്കുന്നതുകൊണ്ടും, പ്രഭാതത്തിനായി കാത്തിരിക്കാനുള്ള അവധാനതയില്ലാത്തതുകൊണ്ടും രാത്രിയുടെ നിരാശയിൽ അവർ ജീവിതം അവസാനിപ്പിക്കുന്നു; വ്യക്തി ബന്ധങ്ങൾ മുറിച്ചുകളയുന്നു. അതുപോലെ, സാമൂഹിക ക്രമത്തിലെ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടുന്ന യുവതലമുറ സമൂഹത്തിന്റേയും കുടുംബത്തിന്റേയും ഭാവിയ്ക്കെതിരെ ഉയർത്തുന്ന വെല്ലുവിളി നാം തിരിച്ചറിയാതെ പോകരുത്. I don't care എന്ന നിസംഗതാ മനോഭാവം അവരിൽ വളർന്നു വരുന്നു. ഈ സാഹചര്യത്തിൽ, യുവജനങ്ങൾക്ക് വിശാലമായ ഒരു ജീവിത ദർശനം പകർന്നുകൊടുക്കാൻ സഭയും സമൂഹവും പ്രത്യേകം ശ്രദ്ധിക്കണം.

## യുവത്വം പുഷ്പിക്കുന്ന കുടുംബങ്ങൾ

ഉത്തമ കുടുംബപശ്ചാത്തലത്തിൽ വളരുന്ന മക്കളാണ് യൗവനത്തിൽ ജീവിത പക്വത ആർജിക്കുന്നത്. കുടുംബബന്ധങ്ങളുടെ ഊഷ്മളത സാമൂഹികമായി മാത്രമല്ല, വൈകാരികമായും മാനസിക

മായും യുവജനങ്ങളുടെ സമഗ്രവളർച്ചയ്ക്കുള്ള അനുകൂല സാഹചര്യ മാണ്. കുടുംബങ്ങളിൽ തലമുറകൾ തമ്മിലുള്ള വൈകാരികമായ അകലം കുറയ്ക്കാൻ നാം പരിശ്രമിക്കണം. മാതാപിതാക്കളും മക്കളും ഒരുമിച്ചു നടത്തുന്ന കുടുംബപ്രാർഥന, ഒന്നിച്ചുള്ള അദ്ധ്വാനം, ഒന്നി ച്ചുള്ള ഭക്ഷണം, കുടുംബ സല്ലാപങ്ങളും ആഘോഷങ്ങളും, തുടങ്ങി യവ മാതാപിതാക്കളിൽ നിന്ന് മക്കളിലേയ്ക്ക് ജീവിത അനുഭവ ങ്ങളോടൊപ്പം ദൈവവിശ്വാസവും പകർന്നു നൽകുന്ന കുടുംബ യാഥാർഥ്യങ്ങളാണ്.

കുടുംബങ്ങളിൽ യുവജനങ്ങളുടെ കൂട്ടുത്തരവാദിത്വ ബോധം വളർത്താൻ നാം പ്രത്യേകം ശ്രദ്ധിക്കണം. വീടുകളിൽ അനുഭവ സമ്പ ന്നമായ മുതിർന്ന തലമുറയും യുവതലമുറയും തമ്മിലുള്ള വ്യക്താന്തര ആശയവിനിമയവും (Interpersonal communication) സംഘാതമായ പ്രവർത്തനശൈലിയും കൂടുതലായി പ്രോത്സാഹിപ്പിക്കപ്പെടണം. അതു പോലെ, ഓൺലൈൻ ലോകത്തിനപ്പുറം പ്രകൃതിയോടും പക്ഷിമൃഗാ ദികളോടും സല്ലപിക്കാനും മണ്ണിനെയും മരത്തെയും മനുഷ്യനെയും അറിഞ്ഞ് ജീവിക്കാനുമുള്ള സാഹചര്യം നമ്മുടെ കുടുംബങ്ങളിൽ യുവജനങ്ങൾക്ക് ലഭിക്കണം.

വിവാഹത്തോടും കുടുംബ ജീവിതത്തോടും നിസംഗതാ മനോ ഭാവം വച്ചു പുലർത്തുന്ന യുവജനങ്ങളുടെ എണ്ണം വർധിച്ചു വരുന്നത് നാം ആശങ്കയോടെ നോക്കികാണേണ്ടതാണ്. ഊഷ്മളമായ കുടുംബ ബന്ധങ്ങളിലേയ്ക്കും സജീവമായ കുടുംബ അനുഭവത്തിലേയ്ക്കും നാം മടങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഒരു തലമുറ നഷ്ടപ്പെട്ടു പോകുന്നതുവരെ നാം അതിനായി കാത്തിരിക്കരുത്.

**ഇടവക: രണ്ടാം ഭവനം**

യുവജനങ്ങളുടെ സാമൂഹികവും, വൈകാരികവും ആത്മീയവു മായ വളർച്ചയിൽ നിർണായക പങ്കുവഹിക്കേണ്ടത് ഇടവക കൂട്ടായ്മ കളാണ്. ഇടവകകൾ യുവജനങ്ങൾക്ക് രണ്ടാം ഭവനം അല്ലെങ്കിൽ യുവ ജന സൗഹൃദ (youth-friendly) കൂട്ടായ്മകളായി പരിവർത്തനപ്പെടു ത്താൻ നാം ബോധപൂർവം പരിശ്രമിക്കണം. ഇക്കാര്യത്തിൽ യുവജന ങ്ങളോട് അജപാലകർ കാണിക്കുന്ന നിഷേധാത്മക മനോഭാവവും നിസംഗതാ മനോഭാവവും ഒരുപോലെ അപകടകരമാണ്. മുൻവിധി കൾ മാറ്റിവച്ച്, യുവത്വത്തിന്റെ സവിശേഷതകൾ, നന്മയായാലും തിന്മ

യായാലും, അംഗീകരിക്കാൻ നാം വിമുഖത കാണിക്കരുത്. യുവജന ങ്ങളുടെ ജീവിതമാറ്റത്തിന് അവരുടേതായ സമയം അനുവദിക്കാനുള്ള ക്ഷമ ഇടവക സമൂഹം കാണിക്കേണ്ടത് അനിവാര്യമാണ്.

ഇടവകകളിൽ വ്യത്യസ്ത പ്രായപരിധിയിലുള്ളവർ തമ്മിലുള്ള ആരോഗ്യപരമായ സംവാദം യുവജന വിശ്വാസ പരിശീലനത്തിന് അനി വാര്യമാണ്. സംഘർഷങ്ങളിൽ നിന്ന് സംവാദത്തിലേയ്ക്ക് നയിക്കാൻ ഇടവകയിലെ നേതൃശുശ്രൂഷയിലായിരിക്കുന്ന വൈദികരും സമർപി തരും അല്മായരും ഒരുപോലെ പരിശ്രമിക്കേണ്ടതാണ്.

അതാതു കാലഘട്ടത്തിലെ യുവജനങ്ങളെ പരിശീലിപ്പിക്കാനും അവരുടെ സമഗ്ര വളർച്ച ഉറപ്പുവരുത്താനും സഭ പൊതുവായി ക്രമീ കരിച്ചിരിക്കുന്ന എം.സി.വൈ.എം.ന്റെ പ്രവർത്തനങ്ങൾ ഇടവക തല ത്തിൽ സജീവമാക്കേണ്ടതാണ്. യുവജനങ്ങളെ അനുധാവനം ചെയ്യാനും അവർക്ക് പ്രോത്സാഹനവും തിരുത്തലുകളും വ്യക്തിപര മായി നൽകാനും യുവജന ശുശ്രൂഷയിലായിരിക്കുന്ന ഡയറക്ടറച്ച ന്മാരും ആനിമേറ്റേഴ്സും സമയം കണ്ടെത്തേണ്ടതാണ്. ഇടവകതല ത്തിൽ യുവജനകൂട്ടായ്മാ വേദികൾ വർധിപ്പിക്കാനും സാധ്യമായ സാഹചര്യങ്ങളിൽ മുതിർന്നവരെക്കൂടി അതിന്റെ ഭാഗമാക്കാനും നാം പരിശ്രമിക്കണം.

ആധുനിക കാലഘട്ടത്തിലെ യുവജനങ്ങൾക്ക് ഉത്തമ മാതൃക യായി, യൗവനത്തിൽ സ്വർഗംപൂകിയ പിയർ ജോർജ്ജിയോ ഫ്രസാ ത്തിയെയും കാർലോ അക്വീറ്റസിനെയും ആഗോള കത്തോലിക്കാ സഭ 2025 സെപ്തംബർ 7-ന് വിശുദ്ധരായി നാമകരണം ചെയ്തു. പാവ പ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും ഉന്നമനത്തിനായി തന്റെ യുവത്വത്തിന്റെ എല്ലാ സാധ്യതകളെയും സമർപ്പിച്ച വി. ഫ്രസാത്തി ജീവിതത്തിന്റെ "ശ്രേഷ്ഠമായ സാധ്യത" യുവജനങ്ങളുടെ മുമ്പിൽ വര ച്ചുകാട്ടുകയാണ്. കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നിവയുൾപ്പെടുന്ന യൗവന ത്തിന്റെ എല്ലാ സാധ്യതകളുടേയും നടുവിൽ "സ്വർഗ പാത"യായ വി. കുർബാനയെ പ്രണയിച്ച വി. കാർലോ അക്വീറ്റസ് എന്ന 16-കാരന്റെ ജീവിതം ഇന്നത്തെ യുവജനങ്ങൾക്ക് വെല്ലുവിളി തന്നെയാണ്. "എല്ലാ വർക്കും പ്രത്യേകിച്ച്, യുവജനങ്ങൾക്ക് തങ്ങളുടെ ജീവിതം ദുർവ്യയം ചെയ്യാതെ, ഔന്നത്യത്തിലേയ്ക്ക് നയിക്കാനും ഉൽകൃഷ്ടമായ സൃഷ്ടി യാക്കാനുമുള്ള ക്ഷണമാണ് വിശുദ്ധരായ പിയർ ജോർജ്ജിയോ

ഫ്രസാത്തിയും കാർലോ അകുിറ്റസും നൽകുന്നത്" എന്നാണ് പരി. ലെയോ 14-ാമൻ മാർപ്പാപ്പ നമ്മെ ഓർമിപ്പിക്കുന്നത്. പ്രിയ യുവജന ങ്ങളെ, ജീവിതം എങ്ങനെയെങ്കിലും ജീവിച്ചു തീർക്കാതെ ദൈവ ത്തോടും സഹോദരങ്ങളോടുമുള്ള ബന്ധത്തിൽ അർഥവത്തായി ജീവി ക്കാൻ നിങ്ങൾക്ക് ഏവർക്കും സാധിക്കട്ടെ എന്ന് ഞാൻ പ്രാർഥിക്കുന്നു! ആശംസിക്കുന്നു!!

**സഭാതല യുവജനദിനാഘോഷം**

ഈ വർഷത്തെ മലങ്കര സഭാതല യുവജന ദിനാഘോഷം, ഹെസദ് 2025 മാർത്താണ്ഡം ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ മരിയഗിരി മലങ്കര കാത്തലിക് കോളേജിൽ വച്ച് 2025 ഒക്ടോബർ 18, 19 തീയതികളിലായി നടക്കുന്നതാണ്. അന്തർദേശീയ യുവജന ക്വിസ് മത്സരം, കലാസന്ധ്യ, വി. കുർബാന, പഠന ക്ലാസ്, പൊതുസമ്മേളനം, എന്നീ പരിപാടികളാണ് സഭാതല യുവജനദിനാഘോഷത്തിന്റെ ഭാഗ മായി സംഘടിപ്പിച്ചിരിക്കുന്നത്. നമ്മുടെ സഭയിലെ എല്ലാ യുവജന ങ്ങളേയും ഹെസദ് 2025-ലേയ്ക്ക് പ്രത്യേകം ക്ഷണിക്കുന്നു.

ഏവർക്കും നന്മയും ദൈവാനുഗ്രഹവും നേർന്നുകൊണ്ട്,

+ Mar Polycarpos,

**✠ മാത്യൂസ് മാർ പോളികാർപ്പോസ്**
യുവജനങ്ങൾക്ക് വേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

25-09-2025
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

---

*N.B: ഈ സർക്കുലർ ഒക്ടോബർ 5-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ ഇടവകകളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*